# Malayala Manorama

# 20 August 2018

# Kakkanad, Flood Victim, Picture of Misery Caused by the Rain

## ദുരിതച്ചിത്രത്തിനു നിറം കൊടുത്ത് അൽ അമീൻ

കാക്കനാട് ● ജഡ്ജിമുക്കിലെ ദാറുസലാം സ്കൂൾ ദുരിതാശ്വാസ ക്യാംപിലിരുന്നു മുപ്പത്തടം സ്വദേശി പതിനൊന്നു വയസുകാരൻ അൽ അമീൻ മഴ തീർത്ത ദുരിതത്തിന്റെ ചിത്രം പേപ്പറിൽ വരച്ചു. അവൻ മാത്രമല്ല, ക്യാംപിലെ കൊച്ചു കുട്ടികളെല്ലാം ഇന്നലെ ചിത്ര രചനയുടെ തിരക്കിലായിരുന്നു.

അന്തേവാസികളുടെ ഉള്ളിലെ തീ തൽക്കാലത്തേക്കെങ്കിലും ശമിപ്പിക്കാൻ ക്യാംപ് ചുമതലക്കാരുടെ ശ്രമങ്ങളിലൊന്നായിരുന്നു കുട്ടികളെ കൊണ്ടുള്ള ചിത്രം വരപ്പിക്കൽ. ഗാർഹികാന്തരീക്ഷത്തിൽ നിന്നു വിട്ടുനിൽക്കുന്ന കുട്ടികളെ സന്തോഷിപ്പിക്കാനും ഇതു വഴിയൊരുക്കി. പേപ്പറും കളറുമെല്ലാം അവർ കുട്ടികൾക്കു സമ്മാനിച്ചു. ഇരുപതോളം കുട്ടികൾ മനസിൽ തോന്നിയതെല്ലാം വരച്ചിട്ടു. ദുരിതം മഴയുടെ രൂപത്തിലെത്തിയ സ്വന്തം അനുഭവത്തിനു നിറംകൊടുത്ത പാനായിക്കുളം അൽഹുദാ സ്കൂൾ വിദ്യാർഥി അൽ അമീൻ വരച്ച ചിത്രം വേറിട്ടു നിന്നു. പാനായിക്കുളം, മുപ്പത്തടം പ്രദേശങ്ങളിൽ നിന്നുള്ള 110 കുടുംബങ്ങളാണു ദാറുസലാം സ്കൂളിലുള്ളത്.

ആതിഥേയരുടെ വേഷത്തിൽ എന്തു സഹായത്തിനും ഒരുങ്ങി നിൽക്കുന്ന പരിസരവാസികളാണു ക്യാംപിലെ അന്തേവാസികളുടെ ആശ്വാസം. റവന്യു ഉദ്യോഗസ്ഥരും രംഗത്തുണ്ട്. കുഴിക്കാട്ടുമൂലയിലെ ക്യാംപിൽ ഇന്നലെ സർവമത പ്രാർഥന നടത്തി. 30 ദുരിതാശ്വാസ ക്യാംപുകളാണ് കാക്കനാട്ട് തുറന്നിട്ടുള്ളത്.

മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ക്യാംപുകളിൽ വെള്ളം കയറിയതിനെ തുടർന്ന് കാക്കനാട്ടെ പുതിയ ക്യാംപുകളിലേക്കു മാറിയവരുമുണ്ട്.

ആലുവ, പറവൂർ മേഖലകളിലെ ക്യാംപുകളിൽ നിന്നുള്ള സ്ത്രീകളും കുട്ടികളും ഇതര സംസ്ഥാനക്കാർ ഉൾപ്പെടെയുള്ളവരും കാക്കനാട്ടെ ക്യാംപുകളിലുണ്ട്. കെഎസ്ആർടിസി ബസുകളിലും ട്രക്കുകളിലുമാണു പ്രളയ ബാധിതരെ കാക്കനാട്ടേക്കെത്തിച്ചത്. വെള്ളപ്പൊക്ക പ്രദേശത്തു നിന്ന് രക്ഷപ്പെടുത്തിയ കുടുംബങ്ങളെയും ഇവിടത്തെ ക്യാംപുകളിലേക്കാണു കൊണ്ടുവരുന്നത്.




തൃക്കാക്കര ദാറുസലാം സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ കഴിയുന്ന പതിനൊന്ന് വയസ്സുകാരൻ അൽ അമീൻ വരച്ച ചിത്രം..